**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**

**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**

**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**

**തിരുവനന്തപുരം –1**

പ്രസിഡന്റ് | ജനറൽ സെക്രട്ടറി

കെ.പി.ധനപാലൻ Ex.M.P | സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം
20.08.2014

നമ്പർ. 4/2014

## സർക്കുലർ

സുഹൃത്തേ,

13.6.2014 ൽ നടന്ന സംസ്ഥാന കൗൺസിൽ തീരുമാന പ്രകാരം 2014 ആഗസ്റ്റ് 4-ാം തീയതി നടത്തിയ വൈദ്യുതിഭവൻ മാർച്ച് വിജയിപ്പിച്ച എല്ലാ ഭാരവാഹികൾക്കും പ്രവർത്തകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ഏകദേശം നാലായിരത്തോളം കോൺഫെഡറേഷൻ പ്രവർത്തകർ ജാഥയിൽ പങ്കെടുത്തു. മറ്റൊരു സംഘടനയും ഇത്രയും ഗംഭീരമായ മാർച്ച് തിരുവനന്തപുരം വൈദ്യുതി ഭവൻ പരിസരത്ത് നടത്തിയിട്ടില്ല. KEEC യുടെ കേരളത്തിലെ മുഴുവൻ ഡിവിഷൻ കമ്മിറ്റികളുടെയും പ്രാതിനിധ്യമുണ്ടായ ഈ മാർച്ച്, നമ്മുടെ യൂണിയൻ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ ജീവനക്കാർ ഒന്നടങ്കം ഒറ്റക്കെട്ടായിരിക്കുമെന്നതിന് തെളിവാണ്. മാർച്ചിൽ പങ്കെടുത്ത എല്ലാവരും വളരെ അച്ചടക്കത്തോടെയും അതോടൊപ്പം ആവേശത്തോടെയും പട്ടം ജംഗ്ഷനിൽ നിന്നും വൈദ്യുതി ഭവൻ വരെ മുദ്രാവാക്യങ്ങൾ വിളിച്ച് മുന്നേറുകയായിരുന്നു. പ്രസിഡന്റ് ശ്രീ. കെ.പി. ധനപാലൻ ജനറൽ സെക്രട്ടറിക്ക് പതാക കൈമാറിയതോടെ പട്ടത്ത് നിന്നും മാർച്ച് ആരംഭിച്ചു. മുൻകാലങ്ങളെ അപേക്ഷിച്ച് വനിതാ പ്രാതിനിധ്യം കൂടുതൽ ഉണ്ടായിരുന്നത് മാർച്ചിന്റെ പ്രത്യേകതയായിരുന്നു. ശ്രീ.എംഎം.ഹസ്സൻ ഉദ്ഘാടനം ചെയ്ത മാർച്ചിൽ കെ.പി.സി.സി വൈസ് പ്രസിഡന്റ് കെ.പീതാംബരക്കുറുപ്പ്, കെ.പി.സി.സി ജനറൽ സെക്രട്ടറിയും വനിതാവേദി പ്രസിഡന്റുമായ ശ്രീമതി. ലതികാ സുഭാഷ്, ഡി.സി.സി പ്രസിഡന്റ് കെ.മോഹൻകുമാർ, പവർബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് ചന്ദ്രചൂഡൻ നായർ, പി.എസ്.സി എംപ്ലോയീസ് അസ്സോസിയേഷൻ നേതാവ് സാദിക് എന്നിവർ പ്രസംഗിച്ചു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. ട്രഷററുടെ നന്ദി പ്രസംഗത്തിനുശേഷം വൈദ്യുതി ഭവന് ചുറ്റും കോൺഫെഡറേഷൻ പ്രവർത്തകർ പ്രകടനം നടത്തി. മാർച്ച് വിജയിപ്പിക്കാൻ ട്രഷറർ വി.ഗോപകുമാർ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി പ്രദീപ് നെയ്യാറ്റിൻകര, വർക്കിംഗ് പ്രസിഡന്റ് അജിത്കുമാർ എന്നിവർ നടത്തിയ നിസ്വാർത്ഥ സേവനം പ്രത്യേകം എടുത്ത് പറയുകയാണ്. കൂടാതെ മാർച്ചിന്റെ തലേ ദിവസം മുന്നൊരുക്കങ്ങൾ നടത്തുവാൻ എത്തിച്ചേർന്ന തിരുവനന്തപുരം ജില്ലയിലെ എല്ലാ ഡിവിഷനുകളിലേയും നേതാക്കൾക്കും പ്രവർത്തകർക്കും പ്രത്യേകം നന്ദി പറയുന്നു.

രാഷ്ട്രീയ തലത്തിലും മറ്റ് സംഘടനകളിലും ആഗസ്റ്റ് 4 മാർച്ചും അതിനാസ്പദമായുള്ള വിഷയങ്ങളും ചർച്ചയായിട്ടുണ്ട്. ഇത് സംബന്ധിച്ച് അവലോകനം നടത്തുന്നതിനായി സംസ്ഥാന കൗൺസിൽ ഉടൻ വിളിച്ച് ചേർക്കുന്നതാണ്. തീയതി പിന്നീട് അറിയിക്കും. വൈദ്യുതി ഭവൻ മാർച്ചിന്റെ ഫോട്ടോ (Photo Gallery) യൂണിയന്റെ വെബ് സൈറ്റിൽ ഉണ്ട്. അതോടൊപ്പം വീഡിയോയും (Video Gallery) സൈറ്റിലുണ്ട്. ഫോട്ടോ/വീഡിയോ DVD എല്ലാ ജില്ലാ കമ്മിറ്റികൾക്കും സർക്കുലറിനൊപ്പം അയച്ചുതരുന്നു. എല്ലാ ഡിവിഷനുകൾക്കും ഇതിന്റെ കോപ്പി കൊടുക്കണം.

### ത്രികക്ഷികരാർ

റീവെസ്റ്റിംഗുമായി ബന്ധപ്പെട്ട ത്രികക്ഷി കരാർ ആഗസ്റ്റ് ഒന്നിന് ഒപ്പുവച്ചു. ത്രികക്ഷികരാറിൽ രണ്ടാമതായി ഒപ്പിട്ടതോടെ കോൺഫെഡറേഷനെ KSEB Ltd ലെ രണ്ടാമത്തെ സംഘടനയായി ഗവൺമെന്റും KSEB Ltd ഉം അംഗീകരിച്ചിരിക്കുകയാണ്. കരാറിന്റെ കോപ്പി നമ്മുടെ വെബ്സൈറ്റിൽ

ചേർത്തിട്ടുണ്ട്. പെൻഷനുള്ള ഗവൺമെന്റ് ഗ്യാരന്റി ഉൾപ്പടെയുള്ള സുരക്ഷാ വിഷയങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**റഫറണ്ടം**

മന്ത്രിയുമായി നടത്തിയ ചർച്ചയിൽ റഫറണ്ടം ഉടൻ നടത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. നിലവിലുള്ള അനുകൂല സാഹചര്യം റഫറണ്ടത്തിൽ പ്രയോജനപ്പെടുത്തുവാൻ എല്ലാവരും കൂട്ടായി ശ്രമിക്കണം.

**Membership**

Membership/Membership Details Form ഫോട്ടോ പതിച്ച് ഉടൻ എത്തിക്കണം. പ്രസ്തുത വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കുവാൻ സാധിക്കുന്ന ഡിവിഷൻ കമ്മിറ്റികൾ അത് നേരിട്ട് ചെയ്യണം. Password അയച്ചുതരുന്നതാണ്.

**എം.എസ്.റാവുത്തർ വാർഷിക അനുസ്മരണം**

നമ്മുടെ ജനറൽ സെക്രട്ടറിയായിരുന്ന എം.എസ്.റാവുത്തറുടെ വാർഷിക അനുസ്മരണം സെപ്തംബർ 27-നാണ്. അതിനുമുമ്പായി എല്ലാ ഡിവിഷൻ കമ്മിറ്റികളും വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തണം. ആഗസ്റ്റ് 30 ന് മുമ്പ് ഇത് സംബന്ധിച്ച ലിസ്റ്റ് കേന്ദ്ര കമ്മിറ്റി ആഫീസിൽ എത്തിക്കണം.

**പ്രമോഷനുകൾ**

ഓവർസിയർ (ഇലക്ട്രിക്കൽ) പ്രമോഷന് അപേക്ഷിക്കുവാനുള്ള Proforma ക്ഷണിച്ചിട്ടുണ്ട്. വർക്കറിൽ നിന്നും ലൈൻമാനിലേയ്ക്കുള്ള പ്രമോഷനും ജനറൽ ട്രാൻസ്ഫർ അനോമലിക്ക് ശേഷം പുറത്തിറക്കും.

**വിദ്യുത്തരംഗം**

വിദ്യുത്തരംഗത്തിന്റെ രസീത് എല്ലാവർക്കും കൊടുത്ത് കൂടുതൽ വരിക്കാരെ ചേർക്കണം. സെപ്തംബർ 10 - ാം തീയതിയ്ക്കകം പിരിവ് പൂർത്തിയാക്കണം. തുക നിക്ഷേപിക്കേണ്ടതായ അക്കൗണ്ട് നമ്പർ പുതിയ അക്കൗണ്ട് തുടങ്ങിയതിനുശേഷം അറിയിക്കുന്നതാണ്.

**ഡയറി 2014**

കുടിശ്ശികയുള്ള ഡിവിഷൻ കമ്മിറ്റികൾ അത് ഉടൻ എത്തിക്കണം. അടുത്ത ഡയറിയുടെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതായ സാഹചര്യത്തിൽ കുടിശ്ശിക ഉടൻ എത്തിക്കേണ്ടതാണ്.

**പൊളിറ്റിക്കൽ ഫണ്ട്**

പൊളിറ്റിക്കൽ ഫണ്ട് തരുവാനുള്ള ഡിവിഷൻ കമ്മിറ്റികൾ ഉടൻ എത്തിക്കണം. കുടിശ്ശികയുള്ള ഡിവിഷൻ കമ്മിറ്റികൾ താഴെ ചേർക്കുന്നു

(നെടുമങ്ങാട്, പുനലൂർ, ചേർത്തല, ചെങ്ങന്നൂർ, ഹരിപ്പാട്, പത്തനംതിട്ട, അടൂർ, മൂഴിയാർ, തിരുവല്ല, കട്ടപ്പന, പള്ളം, നോർത്ത് പറവൂർ, ആലുവ, വടകര ഫറൂഖ്, മാനന്തവാടി, കൽപ്പറ്റ, കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ, ഇരട്ടി)

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി